# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്
## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം – 33

നമ്പർ:-*F-167/2023/KSBSG* തീയതി: *03.02.2023*

സ്വീകർത്താവ്,

**ജില്ലാ സെക്രട്ടറിമാർ**

സർ/മാഡം,

***വിഷയം: കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് – ഹയർ സെക്കന്ററി യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും നന്മമുദ്ര സർട്ടിഫിക്കറ്റിന് ശുപാർശ ചെയ്യുന്നതിനുമുള്ള ലിസ്റ്റ് സമർപ്പിക്കുന്നത് – സംബന്ധിച്ച്***

ഹയർസെക്കന്ററിയിൽ പ്രവർത്തിക്കുന്ന സ്കൗട്ട്/ഗൈഡ് യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും 2021-23 വർഷത്തെ നന്മമുദ്ര സർട്ടിഫിക്കറ്റിന് ശുപാർശ ചെയ്യുന്നതിനുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോർമാറ്റിൽ ഹാർഡ് കോപ്പി ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയതും, Windows Excel ഫോർമാറ്റിൽ സോഫ്റ്റ് കോപ്പിയും അർഹരായിട്ടുള്ള എല്ലാ യൂണിറ്റുകളും 2023 ഫെബ്രുവരി 10 ന് മുൻപായി ജില്ലയിൽ സമർപ്പിക്കേണ്ടതാണ്. യൂണിറ്റുകളിൽ നിന്നുള്ള സോഫ്റ്റ് കോപ്പി (Windows Excel ഫോർമാറ്റിൽ) സ്കൗട്ട് വിഭാഗം, ഗൈഡ് വിഭാഗം പ്രത്യേകമായി കൺസോളിഡേറ്റ് ചെയ്ത് 2023 ഫെബ്രുവരി 15 ന് മുൻപായി അതാത് ജില്ലകളുടെ ചുമതലയുള്ള എ.എസ്.ഒ.സി. മാർക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ സ്കൂൾ റിക്കോർഡ് പ്രകാരമാണെന്ന് യൂണിറ്റ് ലീഡർമാർ ഉറപ്പ് വരുത്തണം.

2023 ഫെബ്രുവരി 10 ന് ശേഷം എ.എസ്.ഒ.സി. മാർ ജില്ലകളിൽ എത്തി സി.എം. ഷീൽഡ് ലോഗ് ബുക്കുകൾ, ഗ്രൂപ്പ് റിക്കോർഡുകൾ എന്നിവ പരിശോധിക്കുന്നതാണ്. പരിശോധനാ ദിവസം അതാത് യൂണിറ്റ് ലീഡേഴ്സ് വാറണ്ട്, ട്രെയിനിംഗ് സർട്ടിഫിക്കറ്റ്, ഗ്രൂപ്പ് റിക്കോർഡ് ബുക്ക് എന്നിവ കൊണ്ടുവന്ന് നേരിട്ട് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. യൂണിറ്റ് ലീഡറിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള വാർഷിക യൂണിറ്റ് ക്യാമ്പുകളിൽ പങ്കെടുത്തവരാകണം കുട്ടികൾ. ജില്ലയിലെ ക്യാമ്പ് പെർമിറ്റ് ഇഷ്യൂ രജിസ്റ്റർ പരിശോധനക്ക് വിധേയമാക്കി അർഹരായ യൂണിറ്റുകളെ തിരഞ്ഞെടുക്കുന്നതാണ്. ദ്വിതീയ സോപാൻ പാസ്സായ കുട്ടികൾക്ക് സി.എം. ഷീൽഡ് പ്രവർത്തനങ്ങളിലും പങ്കെടുക്കാവുന്നതാണ്. കുടുതൽ വിവരങ്ങൾക്കായി ഹയർ സെക്കന്ററി യൂണിറ്റുകൾക്കായി എസ്.എച്ച്.ക്യൂ. പ്രസിദ്ധീകരിച്ച "മാർഗ്ഗരേഖ" പരിശോധിച്ച് സംശയ നിവാരണം നടത്താവുന്നതാണ്.

എല്ലാവരുടേയും സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്.

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES STATE HEAD QUARTERS THIRUVANANTHAPURAM-695033

**സംസ്ഥാന സെക്രട്ടറി**